(ബി) എത്ര കർഷകർക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 29-2-2000 വരെ 61.522 കറവ പശുക്കളെയും 1,03,955 കന്നുകാലി ഉടമകളെയും ഇൻഷർ ചെയ്തിട്ടുണ്ട്.

(ബി) 1251 കർഷകർക്ക്.

കുളമ്പു രോഗം

136 (3326) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീമതി ആർ. ലതാദേവി :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. സത്യൻ മൊകേരി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെങ്കിലും നാലുകാലികൾക്ക് കുളമ്പു രോഗം പടരുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എവിടെയെല്ലാം ; രോഗം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ജനുവരി, ഫെബ്രുവരി മാസങ്ങളിൽ സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ ചെറിയ തോതിൽ കുളമ്പുരോഗബാധ ഉണ്ടായതായി വിവരം ലഭിച്ചിരുന്നു.

(ബി) താഴെ പറയുന്ന സ്ഥലങ്ങളിലാണ് കുളമ്പുരോഗ ബാധയുണ്ടായത് ; നെടുമങ്ങാട്, വേളാവൂർ, വേങ്കോട് (തിരുവനന്തപുരം ജില്ല), പവിത്രേശ്വരം, ചടയ മംഗലം, തെൻമല, ഏരൂർ, വെങ്ചേമ്പ്, ശാസ്താംകോട്ട, ചണ്ണപ്പാട, അഞ്ചൽ, പത്തനാപുരം, (കൊല്ലം ജില്ല), മുല്ലപ്പുഴശ്ശേരി, അടൂർ, കടപ്ര, ഏലന്നൂർ, ഇര വിപേരൂർ, ചിറ്റാർ, നെടുപുറം, കൊറ്റനാട് (പത്തനംതിട്ട ജില്ല), വെളിയനാട് (ആലപ്പുഴ ജില്ല), അമ്പലമുകൾ (എറണാകുളം ജില്ല), വിൽവടം, പറവൂർ (തൃശ്ശൂർ ജില്ല). രോഗം നിയന്ത്രിക്കുന്നതിനായി മൊബൈൽ മൃഗാശുപത്രികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ബന്ധപ്പെട്ട പഞ്ചായത്തുകളുടെയും ക്ഷീരകർഷകരുടെയും സഹായത്തോടെ കൂടുതൽ പ്രതിരോധ ശേഷിയുള്ള വാക്സിൻ ഉപയോഗിച്ച് കുത്തിവയ്പ്പ് പ്രവർത്തനങ്ങൾ സമഗ്രമാക്കുകയും കന്നുകാലികളുടെ വരത്തുപോക്കും കന്നുകാലി പ്രദർശനങ്ങളും കർശനമായി നിരോധിക്കുകയും ചെയ്തിട്ടുണ്ട്. രോഗത്തിനെതിരെ ബോധവൽക്കരണ പരിപാടികൾ ഊർജ്ജിതപ്പെടുത്തിയും സൗജന്യ കുത്തിവയ്പ് നടത്തിയും മാർച്ച് മാസത്തോടെ രോഗം പരമാവധി നിയന്ത്രണ വിധേയമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly